## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2462** **08.05.2017 ൽ മറുപടിയ്ക്ക്**

**ഇക്കാനഗറിൽ സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.വി.ഡി.സതീശൻ**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ.കെ.എസ്.ശബരീനാഥൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി**

| | | |
|---|---|---|
| (എ) | മൂന്നാർ ടൗണിലെ ഇക്കാനഗറിൽ 10 ഏക്കർ സർക്കാർ ഭൂമി സി.പി.എം. നേതാക്കളുൾപ്പെടേയുള്ളവർ കൈയ്യേറി പാർട്ടിഗ്രാമമാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)മൂന്നാർ ഇക്കാനഗറിൽ സർക്കാർ ഭൂമിയിൽ അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |
| (ബി) | ഏതൊക്കെ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഇപ്രകാരം കൈയ്യേറിയിട്ടുള്ളത്; | (ബി)കെ.എസ്.ഇ.ബി., ആഭ്യന്തരം, റവന്യൂ പി.ഡബ്ല്യൂ.ഡി എന്നീ വകുപ്പുകളുടെ ഭൂമിയിൽ അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കൈയ്യേറ്റക്കാരെ ഒഴിപ്പിച്ച് സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് റവന്യൂ വകുപ്പ് ഇതിനകം കൈക്കൊണ്ട നടപടി വിശദമാക്കുമോ? | (സി)മൂന്നാറിൽ കെ.എസ്.ഇ.ബി. വകയായുള്ള സ്ഥലത്ത് പല കയ്യേറ്റങ്ങളും, ഒഴിപ്പിച്ചിട്ടുള്ളതും, അവയിൽ ചില കേസുകൾ സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകൾ നിലവിലുള്ളതിനാൽ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഈ മേഖലയിലെ കയ്യേറ്റങ്ങൾ യഥാസമയം തിട്ടപ്പെടുത്തുന്നതിനായി ദേവികുളം സബ് കളക്ടറുടെ കീഴിൽ ഒരു സർവ്വെ സംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്. പള്ളിവാസൽ വില്ലേജിൽ, കെ.എസ്.ഇ.ബി. വക ഭൂമി, ബോർഡ് മറ്റ് വകുപ്പുകൾക്ക് കൈമാറി നൽകിയ ഭൂമി അത്തരം ഭൂമിയിലെ പട്ടയങ്ങൾ, അനധികൃത നിർമ്മിതികൾ എന്നിവയുടെ നിജസ്ഥിതി സംബന്ധിച്ച് റവന്യൂ റിക്കാർഡുകൾ പ്രകാരം അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ